ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനം

73 [2725] ശ്രീ. പി. ടി. തോമസ്:
,, വി. ബാലറാം:
,, ടി. എൻ. പ്രതാപൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരുന്നത്;

(ബി) എഫ്. എ. സി. ടി.-യുടെ എന്തെല്ലാം സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള കോൺട്രാക്ട് ഈ കോർപ്പറേഷനുണ്ടായിരുന്നു;

(സി) എഫ്. എ. സി. ടി.-യുടെ ചില ഡിവിഷനുകൾ പൂട്ടിയത് ഈ കോർപ്പറേഷനെ എപ്രകാരം ബാധിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉൾനാടൻ ജലഗതാഗതമാർഗ്ഗത്തിലൂടെയുള്ള ചരക്കുഗതാഗതവും ആൾ ഗതാഗതവുമാണ് കോർപ്പറേഷൻ പ്രധാനമായും ചെയ്തു വരുന്നത്. ഇതുകൂടാതെ ജലവാഹനങ്ങൾ പണിയുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള ഒരു മറൈൻ സ്ലിപ്പ്വേയും നടത്തിവരുന്നുണ്ട്.

(ബി) വ്യാവസായിക രാസപദാർത്ഥങ്ങളായ റോക്ഫോസ്ഫേറ്റ്, സൾഫർ തുടങ്ങിയ ഖരപദാർത്ഥങ്ങളും ദ്രാവകരൂപത്തിലുള്ള ഫോസ്ഫോറിക് ആസിഡ്, ഫർണസ് ഓയിൽ എന്നിവയുമാണ് എഫ്. എ. സി. ടി.-ക്ക് വേണ്ടി ട്രാൻസ്പോർട്ട് ചെയ്യുന്നത്.

(സി) ജലഗതാഗതമാർഗ്ഗം ഉപയോഗിച്ചുള്ള ചരക്കുഗതാഗതം പ്രധാനമായും എഫ്. എ. സി. ടി.-യെ ആശ്രയിച്ചാണ് നടന്നുവരുന്നത്. ആയതിനാൽ നിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെടുന്ന ഡിവിഷനുകളുടെ അടച്ചുപൂട്ടൽ ഈ കോർപ്പറേഷന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ സാരമായി ബാധിക്കും എന്നാണ് വിലയിരുത്തുന്നത്.

കുടിശ്ശികക്കാർക്ക് വൺടൈം സെറ്റിൽമെന്റ് പദ്ധതി ആനുകൂല്യം നൽകാതിരിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി

74 [2726] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ വായ്പക്കുടിശ്ശിക നിവാരണത്തിനായി വൺടൈം സെറ്റിൽമെന്റ് പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എന്നു മുതൽക്കാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly